(പ്രസിദ്ധീകരണത്തിന്) 21.02.2022

# കൊലപാതകം കേരളത്തെ കലാപഭൂമിയാക്കാൻ

തലശേരി പുന്നോലിൽ മത്സ്യത്തൊഴിലാളിയായ സി.പി.ഐ (എം) പ്രവർത്തകൻ ഹരിദാസന്റെ ആസൂത്രിത കൊലപാതകം കേരളത്തെ കലാപ ഭൂമിയാക്കാനുള്ള ആർ.എസ്.എസ് - ബി.ജെ.പി നീക്കമാണെന്ന് സി.പി.ഐ (എം) സംസ്ഥാന സെക്രട്ടറിയേറ്റ് പ്രസ്താവനയിൽ പറഞ്ഞു. മത്സ്യത്തൊഴിലാളിയായ ഹരിദാസനെ തൊഴിൽ കഴിഞ്ഞ് മടങ്ങവെ ഇരുളിൽ പതിയിരുന്ന ആർ.എസ്.എസ് സംഘം മൃഗീയമായാണ് വെട്ടിക്കൊലപ്പെടുത്തിയത്. പരിശീലനം ലഭിച്ച ആളുകളാണ് ഹരിദാസിന്റെ കൊലപാതകം നടത്തിയത്. ഹരിദാസിന്റെ ഒരു കാൽ അവർ വെട്ടിയിട്ടു. ദേഹമാസകലം നിരവധി വെട്ടുകളാണ് ഏൽപ്പിച്ചിരിക്കുന്നത്. ശരീരത്തിൽ ഇരുപതിലധികം വെട്ടുകളുണ്ടെന്നാണ് ഇൻക്വസ്റ്റ് റിപ്പോർട്ട്. ബി.ജെ.പി നേതൃത്വം ആസൂത്രണം ചെയ്ത കൊലപാതകമാണിതെന്നും സംസ്ഥാന സക്രട്ടറിയേറ്റ് പ്രസ്താവനയിൽ പറഞ്ഞു.

രണ്ട് പേരെ വകവരുത്തുമെന്ന് കഴിഞ്ഞ ദിവസം ബി.ജെ.പി തലശ്ശേരി മണ്ഡലം പ്രസിഡന്റ് കെ ലിജേഷ് കൊലവിളി നടത്തിയിരുന്നു. അതിന്റെ ഭാഗമായാണ് ഹരിദാസിനെ കൊലപ്പെടുത്തിയത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആർ.എസ്.എസുകാർ അക്രമം നടത്താനുള്ള വിവിധ പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കേരളത്തെ കലാപഭൂമിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരത്തിലുള്ള അക്രമണങ്ങൾ നടത്തുന്നത്. ഇതിന്റെ മുന്നോടിയായി രണ്ട് മാസം മുൻപ് കേരളത്തിലെ എല്ലാ ജില്ലകളിലും ആർ.എസ്.എസുകാർക്കായി ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി നടത്തി. 3000 - ത്തിൽ അധികം ആളുകളാണ് ആ പരിപാടിയിൽ പങ്കെടുത്തത്. അതിൽ പങ്കെടുത്ത തലശേരിയിൽ നിന്നുള്ള സംഘമാണ് ഈ കൊലപാതകത്തിന് പിന്നിലെന്ന സംശയം ഉയർന്നിട്ടുണ്ട്. ആർ.എസ്.എസ് നടത്തുന്ന അക്രമ പ്രവർത്തനങ്ങളെ കുറിച്ച് സമഗ്രമായി ഒരു അന്വേഷണം നടത്തണം. ഇത്തരം സംഭവങ്ങൾക്കെതിര ശക്തമായ നടപടിയെടുക്കുകയും, ഗൂഢാലോചന നടത്തിയവരെ കണ്ടെത്തുകയും വേണം.

ഈ അടുത്ത സമയത്ത് ആർ.എസ്.എസ് - ബി.ജെ.പി സംഘവും മറ്റു രാഷ്ട്രീയപാർടികളും സി.പി.ഐ (എം) പ്രവർത്തകർക്കു നേരെ

നിരന്തരം ആക്രമണം നടത്തുകയാണ്. കഴിഞ്ഞ അഞ്ചര വർഷ കാലയളവിൽ ഹരിദാസടക്കം 22 പ്രവർത്തകരെയാണ് പാർടിയ്ക്ക് നഷ്ടമായത്. ഇതിൽ 16 പേരെ കൊലപ്പെടുത്തിയതും ആർ.എസ്.എസാണ്. ആലപ്പുഴ ജില്ലയിൽ ഷിബു, ജിഷ്ണു, മുഹമ്മദ് മുഹസിൻ, വള്ളികുന്നത്ത് അഭിമന്യു, കണ്ണൂരിൽ സി.വി രവീന്ദ്രൻ, സി.വി ധനരാജ്, മോഹനൻ, കണ്ണിപൊയ്യിൽ ബാബു, ഹരിദാസ്, തിരുവനന്തപുരത്ത് ടി സിരേഷ് കുമാർ, കാസർകോട് അബൂബക്കർ സിദ്ദിഖ്, തൃശൂരിൽ ശശികുമാർ, പി.യു സനൂപ്, മലപ്പുറത്ത് പി മുരളീധരൻ, പത്തനംതിട്ടയിൽ പി.ബി സന്ദീപ്, കൊല്ലത്ത് ആർ മണിലാൽ എന്നിവരെയാണ് ആർ.എസ്.എസ് കൊലപ്പെടുത്തിയത്. ആലപ്പുഴയിൽ സിയാദ്, തിരുവനന്തപുരത്ത് മിഥിലാജ്, ഹഖ് മുഹമ്മദ്, കണ്ണൂരിലെ ധീരജ് എന്നീ നാലു പേരെ കൊലപ്പെടുത്തിയത് കോൺഗ്രസുകാരാണ്. എറണാകുളത്ത് അഭിമന്യുവിനെ എസ്.ഡി.പി.ഐ ക്കാരും കാസർകോട് അബ്ദു റഹിമാനെ മുസ്ലീം ലീഗുകാരുമാണ് കൊലപ്പെടുത്തിയത്.

കൊലപാതകങ്ങളും ആക്രമണങ്ങളും നടത്തി സി.പി.ഐ (എം) നെ വിറപ്പിക്കാമെന്ന് ആർ.എസ്.എസുകാർ കരുതേണ്ട. ഇത്തരത്തിലുള്ള കൊലപാതക രാഷ്ട്രീയത്തെ അതിജീവിച്ചുകൊണ്ടാണ് കേരളത്തിൽ സി.പി.ഐ (എം) വളർന്നുവന്നത്. കണ്ണൂരിലും ഇത്തരത്തിലുള്ള അക്രമങ്ങളെ മുറിച്ച് കടന്നാണ് പാർടി വളർന്നത്. ഇതിനെയും അതിജീവിക്കാനുള്ള ശക്തി സി.പിഐ (എം) നുണ്ട്. ആർ.എസ്.എസ് - ബി.ജെ.പി സംഘം കൊലക്കത്തി താഴെവെക്കാൻ തയ്യാറല്ലെന്നാണ് ഹരിദാസിന്റെ കൊലപാതകം തെളിയിക്കുന്നത്.

സി.പി.ഐ (എം) പ്രവർത്തർ പ്രകോപനത്തിൽപെടരുതെന്നും കൊലപാതകത്തിനെതിരെ ബഹുജനങ്ങളെ സംഘടിപ്പിച്ച് ആർ.എസ്.എസ് ക്രിമിനൽ സംഘത്തെ ഒറ്റപ്പെടുത്തണമെന്നും സെക്രട്ടറിയേറ്റ് അഭ്യർത്ഥിക്കുന്നു. ഹരിദാസിൻെറ കൊലപാതകം അപലപനീയവും അത്യന്തം നിഷ്ഠൂരവുമാണ്. കൊലപാതകത്തിനെതിരെ ക്കെതിരെ ബഹുജനങ്ങളിൽ നിന്നും ശക്തമായ പ്രതിഷേധം ഉയരണമെന്നും സി.പി.ഐ (എം) സംസ്ഥാന സെക്രട്ടറിയേറ്റ് പ്രസ്താവന യിലൂടെ അഭ്യർത്ഥിച്ചു.

* * *